## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1632** **28-07-2021 - ൽ മറുപടിയ്ക്ക്**

## ഭക്ഷ്യകിറ്റ് വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ലോക്ഡൗൺ കാലത്ത് ആരംഭിച്ച സൗജന്യ ഭക്ഷ്യകിറ്റ് വിതരണത്തിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന് ഇതുവരെ എത്ര തുക അനുവദിച്ചു എന്നതിന്റെ വിശദമായ കണക്ക് ലഭ്യമാക്കുമോ; | (എ) | 2020 ലെ ലോക്ഡൗൺ കാലത്ത് അതിജീവന കിറ്റ് വിതരണം ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ 756 കോടി രൂപയും ഓണക്കിറ്റ് വിതരണത്തിനായി 440 കോടി രൂപയും അനുവദിച്ചിരുന്നു. തുടർന്ന് 2020 സെപ്റ്റംബർ മുതൽ ഡിസംബർ വരെ കിറ്റ് വിതരണം ചെയ്തതിനും ലോക്ഡൗൺ കാലത്ത് കിറ്റ് വിതരണം നടത്തിയതിന്റെ കുടിശ്ശികയും ഉൾപ്പെടെ 1649.79 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കിറ്റ് വിതരണം 2021 ലും തുടർന്ന സാഹചര്യത്തിൽ 2021 ജനുവരി - ഏപ്രിൽ മാസങ്ങളിലെ വിതരണത്തിനായി 1392.50 കോടി രൂപയും മെയ് മാസ വിതരണത്തിനായി 410 കോടി രൂപയും ഉൾപ്പെടെ ആകെ 4648.29 കോടി രൂപയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷന് ഇതുവരെ അനുവദിച്ചു നൽകിയിട്ടുള്ളത്. |
| (ബി) | ഗുണനിലവാരമില്ലാത്ത ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്ന കമ്പനികളെ രണ്ടുവർഷത്തേക്ക് കരിമ്പട്ടികയിൽപ്പെടുത്തണമെന്ന ചട്ടമനുസരിച്ച് കരിമ്പട്ടികയിൽ ഉൾപ്പെട്ട ചില കമ്പനികൾ കാലാവധി പൂർത്തിയാക്കുന്നതിനു മുൻപ് തന്നെ ടെൻഡറിൽ പങ്കെടുത്ത് പർച്ചേസ് ഓർഡർ നേടിയത് പരിശോധിച്ചിട്ടുണ്ടോ; | (ബി) | കരിമ്പട്ടികയിൽ ഉൾപ്പെട്ട കമ്പനികൾക്ക് സപ്ലൈകോ കേന്ദ്രകാര്യാലയത്തിൽ നിന്നും പർച്ചേസ് ഓർഡർ നൽകിയിട്ടില്ല. |
| (സി) | എങ്കിൽ കരിമ്പട്ടികയിൽ ഉൾപ്പെട്ട ഏതെല്ലാം കമ്പനികളാണ് ടെൻഡറിൽ പങ്കെടുത്ത് പർച്ചേസ് ഓർഡർ നേടിയതെന്ന് വിശദമാക്കുമോ; ഇതിന് കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; | (സി) | ബാധകമല്ല |
| (ഡി) | ഭക്ഷ്യകിറ്റ് വിതരണം ചെയ്തതിന്റെ കമ്മീഷൻ മാസങ്ങളായി റേഷൻ വ്യാപാരികൾക്ക് ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് | (ഡി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ നടത്തി വരുന്ന സൗജന്യ ഭക്ഷ്യ കിറ്റ് വിതരണത്തിന് റേഷൻ വ്യാപാരികൾക്ക് 2020 ഏപ്രിൽ, മെയ് മാസങ്ങളിൽ റേഷൻകടകൾ |

| | | | |
|---|---|---|---|
| | അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ; | | വഴി വിതരണം ചെയ്ത 8448016 കിറ്റുകൾക്ക് കിറ്റ് ഒന്നിന് 7 /-രൂപ നിരക്കിൽ 5,91,36,112/-രൂപ 2020 ആഗസ്റ്റ് മാസത്തിലും, 2020 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിതരണം ചെയ്ത 9378536 കിറ്റുകൾക്ക് കിറ്റ് ഒന്നിന് 5 /-രൂപ നിരക്കിൽ 4,68,92,680/-രൂപ 2021 ഫെബ്രുവരി മാസത്തിലും അനുവദിച്ച് നൽകിയിട്ടുണ്ട്. ഒക്ടോബർ മുതലുള്ള കിറ്റുകൾക്ക് കമ്മീഷൻ നൽകിയിട്ടില്ല. നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഇതിന് തുക കണ്ടെത്തുക ബുദ്ധിമുട്ടാണ്. സാമ്പത്തിക സ്ഥിതി അനുകൂലമാകുന്ന ഘട്ടത്തിൽ വിഷയം പരിഗണിക്കാവുന്നതാണ്. |
| (ഇ) | ഭക്ഷ്യകിറ്റിനായി ഉപയോഗിക്കുന്ന തുണി സഞ്ചി ഏഴ് മുതൽ എട്ട് രൂപ വരെ വിലയ്ക്ക് പൊതു വിപണിയിൽ ലഭ്യമാകുമെന്നിരിക്കെ 12 രൂപയ്ക്ക് ഗുണനിലവാരം കുറഞ്ഞ തുണിസഞ്ചി വാങ്ങിക്കുന്നതിലെ അഴിമതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് സപ്ലൈകോ വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ സപ്ലൈകോ വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണത്തിൽ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സപ്ലൈകോയ്ക്ക് വേണ്ടി തുണി സഞ്ചി നൽകിയത് കൺസ്യൂമർ ഫെഡിൽ നിന്ന് വാങ്ങിയാണ്. തിരുവനന്തപുരത്തുള്ള Global Pharma Plus ആണ് കൺസ്യൂമർഫെഡിന് 10 രൂപ നിരക്കിൽ (without GST) തുണിസഞ്ചി സപ്ലൈ ചെയ്തത്. Global Pharma Plus ടി തുണിസഞ്ചി കന്യാകുമാരിയിലെ Swarna Echo Craft – ൽ നിന്നു വാങ്ങിയത് 6.75 രൂപയ്ക്കാണ് (without GST). കേരളത്തിനു പുറത്തു നിന്നും 6.75 രൂപയ്ക്ക് വാങ്ങുന്ന തുണിസഞ്ചിയാണ് സപ്ലൈകോയ്ക്ക് 12/- രൂപയ്ക്ക് നൽകുന്നത് എന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിനോട് വിശദീകരണം ആരാഞ്ഞിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിലെ എ.വി.ആർ കുടുംബശ്രീ യൂണിറ്റ് പുറത്തു നിന്നുള്ള തുണിസഞ്ചി 7.50 രൂപ നിരക്കിൽ വാങ്ങി സപ്ലൈകോയ്ക്ക് 12/- രൂപ വരെയുള്ള നിരക്കിൽ നൽകുന്നതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച വിവരം കുടുംബശ്രീ മിഷനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ